# കേരളപാണിനീയം

എ. ആർ. രാജരാജവർമ്മ

2018

Kēraḷapāṇinīyam
Malayalam Grammar
by A. R. Rājarāja Varma
First published: 1917

First EPUB/PDF version published: 2017
Second EPUB/PDF version published: 2018

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. ePub version was generated by TeX4ht from the same LaTeX sources. A cloud based framework namely, ഇതൾ (ITHAL) has been used to process the documents and generate various output formats.

The base font used was traditional script of Rachana, contributed by KH Hussain, *et al.*, and maintained by Swathanthra Malayalam Computing. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover: Details from the painting, namely, *The Return of the Stork* (1893), by the Dutch painter, Theodoor van Hoytema (1863–1917). The image is taken from Wikimedia Commons and is gratefully acknowledged.

The digital editions published by: **Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം


ഉള്ളടക്കം . . . v
മുഖവുര . . . ix
'സായാഹ്ന' പതിപ്പിന്റെ പ്രത്യേകതകൾ . . . xiii

**ഒന്ന് പീഠിക** **15**
1 മലയാളദേശവും ഭാഷയും . . . 17
  1 അനുനാസികാതിപ്രസരം: . . . 31
  2 തവർഗ്ഗോപമർദ്ദം അല്ലെങ്കിൽ താലവ്യാദേശം: . . . 32
  3 സ്വരസംവരണം: . . . 32
  4 പുരുഷഭേദനിരാസം: . . . 34
  5 ഖിലോപസംഗ്രഹം: . . . 37
  6 അംഗഭംഗം: . . . 39
2 ഘട്ടവിഭാഗം . . . 53
  1 ആദ്യഘട്ടം — കരിന്തമിഴകാലം: . . . 62
  2 മധ്യഘട്ടം — മണിപ്രവാളരീതി . . . 63
  3 ആധുനികഘട്ടം . . . 64
3 അക്ഷരമാല . . . 67
4 വർണ്ണവികാരങ്ങൾ . . . 81

**രണ്ട് സന്ധിപ്രകരണം** **97**
1 സന്ധിവിഭാഗം . . . 99
  1 ലോപസന്ധി . . . 100
  2 ആഗമസന്ധി . . . 103
  3 ദ്വിത്വസന്ധി . . . 107
  4 ആദേശസന്ധി . . . 113
2 ശബ്ദവിഭാഗം . . . 119
  1 ഭേദകങ്ങളുടെ ഉൾപ്പിരിവുകൾ: . . . 128
3 പ്രകൃതിപ്രത്യയങ്ങൾ . . . 131

**മൂന്ന് നാമാധികാരം** **133**
1 ലിംഗപ്രകരണം . . . 135
2 വചനപ്രകരണം . . . 145
3 വിഭക്തിപ്രകരണം . . . 157
  1 നാമരൂപാവലി . . . 165
4 വിഭക്ത്യാഭാസപ്രകരണം . . . 171
  1 ഇനി ഇരട്ടിപ്പ് . . . 173
5 കാരകപ്രകരണം . . . 177
6 തദ്ധിതപ്രകരണം . . . 189
  1 തന്മാത്രപ്രത്യയങ്ങൾ . . . 190

**നാല് ധാത്വധികാരം** **195**
1 ധാത്വധികാരം . . . 197
  1 പ്രാരംഭം . . . 197
  2 പ്രകൃതി . . . 197
  3 സ്വഭാവം . . . 198
2 കാലപ്രകരണം . . . 199
  1 കാലാദികളെ സംബന്ധിച്ച പൊതുനിയമങ്ങൾ . . . 205
  2 കാലപ്രത്യയങ്ങളുടെ ആഗമം . . . 220
3 പ്രകാരപ്രകരണം . . . 223
4 പ്രയോഗപ്രകരണം . . . 231
5 പ്രയോജകപ്രകൃതി . . . 233
6 നാമധാതുപ്രകരണം . . . 241
7 ഖിലധാതുക്കൾ . . . 245
8 അനുപ്രയോഗം . . . 247
  1 ഒന്നാംവക, ഭേദകാനുപ്രയോഗം . . . 251
  2 രണ്ടാം വക; കാലാനുപ്രയോഗം . . . 255
  3 മൂന്നാംവക, പൂരണാനുപ്രയോഗം . . . 257

9 നിഷേധപ്രകരണം . . . . . . . . . . . . . 259
10 സമുച്ചയം . . . . . . . . . . . . . . . . . 269
11 അംഗക്രിയ . . . . . . . . . . . . . . . . 271
1 പേരെച്ചം . . . . . . . . . . . . . . . . 275
2 വിനയെച്ചം . . . . . . . . . . . . . . 280
12 കൃതികൃത്തുക്കൾ . . . . . . . . . . . . 295
13 കാരകകൃത്തുക്കൾ . . . . . . . . . . . 299

**അഞ്ച് ഭേദകാധികാരം** **301**

1 ഭേദകാധികാരം . . . . . . . . . . . . . 303

**ആറ് നിപാതാവ്യയാധികാരം** **309**

1 നിപാതാവ്യയാധികാരം . . . . . . . . . . 311

**ഏഴ് ആകാംക്ഷാധികാരം** **315**

1 വാക്യപ്രകരണം . . . . . . . . . . . . . 317
1 പദക്രമം . . . . . . . . . . . . . . . . 320
2 പൊരുത്തം . . . . . . . . . . . . . . . 321
2 സമാസപ്രകരണം . . . . . . . . . . . . 325
3 ശബ്ദോൽപ്പത്തി . . . . . . . . . . . . . 333
ധാതുപാഠം . . . . . . . . . . . . . . . . . 347
കാരികാസൂചിക . . . . . . . . . . . . . . 357
സൂചിക . . . . . . . . . . . . . . . . . . . 361

# 13

## കാരകകൃത്തുക്കൾ

കാരകകൃത്തുകൾ ക്രിയയെ വിശേഷണമാക്കി അപ്രധാനീകരിച്ചും കൊണ്ട് ആ ക്രിയാസിദ്ധിയിൽ ഹേതുഭൂതങ്ങളായ കാരകങ്ങളിൽ ഒന്നിനെ വിശേഷ്യമാക്കി പ്രാധാന്യദശയിൽ കാണിക്കുന്നു. കാരകങ്ങളിൽ മുഖ്യം കർത്താവാകയാലും, ശേഷം കാരകങ്ങളെ ഒക്കെയും വിവക്ഷപോലെ കർത്താവാക്കാവുന്നതിനാലും കർത്താവ് ഒന്നുമാത്രമേ കാരകകൃത്തിനർത്ഥമാവുന്നുള്ളു എന്നു വാദിക്കാം. എങ്കിലും ലാഘവത്തിനുവേണ്ടി എല്ലാ കാരകങ്ങളുടെ അർത്ഥത്തിലും കാരകകൃത്തു വരുന്നുവെന്നുതന്നെ ഇവിടെ അംഗീകരിച്ചിരിക്കുന്നു.

### 161. അകാരംതാൻ ഇകാരംതാൻ കുറി കാരകകൃത്തിന്.

കാരകകൃത്തിൽ അ, ഇ എന്ന രണ്ടു പ്രത്യയങ്ങൾ വരും; അതും സൗകര്യം പോലെ ചേർക്കേണ്ടതും പ്രക്രിയയിൽ അവ്യവസ്ഥിതവും ആകുന്നു. ഉദാ:

| | | |
|---|---|---|
| നൊണ — നൊണയ | = നൊണയൻ, നൊണച്ചി. | |
| ചതി — ചതിയ | = ചതിയൻ(വൻ), ചതിച്ചി. | |
| കോട് — കോട | = കോടൻ (പുംനപുംസകതുല്യം) | |
| ഉരുൾ — ഉരുള | = ഉരുളൻ | ടി |
| തുവര് — തുവര | = തുവരൻ | ടി |
| തെണ്ട് — തെണ്ടി | | ടി |
| മൊണ്ട് — മൊണ്ടി | | ടി |

ഇവ കർത്ത്രർത്ഥങ്ങൾക്കുദാഹരണങ്ങൾ. ഇനി കർമ്മാദ്യർത്ഥങ്ങൾക്ക്:

അരി — അരിപ്പൻ (കരണത്തിൽ); അട — അടപ്പൻ (കർമ്മത്തിൽ):
താങ്ങ് — കാൽതാങ്ങി (അധികരണത്തിൽ).

ഇപ്രത്യയം സമാസമായിട്ടാണ് അധികം കാണുന്നത്:

| | | | |
|---|---|---|---|
| മരം ചാടി | = മരത്തിൽ ചാടുന്ന | വസ്തു | ആൾ |
| കാടോടി | = കാട്ടിൽ ഒ□ാടുന്ന | വസ്തു | ആൾ |
| മീൻകൊല്ലി | = മീനിനെ കൊല്ലുന്ന | വസ്തു | ആൾ |
| കാറ്റാടി | = കാറ്റിൽ ആടുന്ന | വസ്തു | ആൾ |
| വായാടി | = വാകൊണ്ട് ആടുന്ന | വസ്തു | ആൾ |
| നിലംതല്ലി | = നിലത്തു തല്ലുന്ന | വസ്തു | ആൾ |
| പാക്കുവെട്ടി | = പാക്കിനെ വെട്ടുന്ന | വസ്തു | ആൾ |
| തീതോണ്ടി | = തീയെ തോണ്ടുന്ന | വസ്തു | ആൾ |
| കഴവേറി | = കഴവിൽ ഏറേണ്ടുന്ന | വസ്തു | ആൾ |
| അടിച്ചുതളി | = അടിച്ചുതളിക്കുന്ന | വസ്തു | ആൾ |
| ആനപ്പാറ്റി | = ആനയെ പാറ്റുന്ന | വസ്തു | ആൾ |
| നാണം കുണുങ്ങി | = നാണംകൊണ്ടു കുണുങ്ങുന്ന | വസ്തു | ആൾ |

### 162. കാരകാർത്ഥം പലേടത്തും കാണിക്കും കൃതികൃത്തുകൾ.

കൃതികൃത്തിന്റെ രൂപവും കാരകകൃത്തിന്റെ അർത്ഥവുംകൂടി വ്യാമിശ്രസമ്പ്രദായത്തിലും പ്രയോഗങ്ങളുണ്ട്. ഇതെല്ലാ ഭാഷകളുടേയും സ്വഭാവം തന്നെ. “കൃദഭി ഹിതോ ഭാവോ ദ്രവ്യവത് പ്രകാശതേ” എന്ന സംസ്കൃതനിയമം നോക്കുക. ലക്ഷണാവൃത്തിയാൽ ഉളവാകുന്ന അർത്ഥവികാസങ്ങളാണ് ഇവയെന്നും സമർത്ഥിക്കാം.